## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 714 | 29/10/2019-ൽ മറുപടിയ്ക്ക്

### കേരള ബാങ്ക് സേവനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി. ജോസഫ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പുതുതായി രൂപീകരിക്കുന്ന കേരള ബാങ്ക് മുഖേന, വാണിജ്യ ബാങ്കുകൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ അനുവദിക്കുന്നതിന് സാധിക്കുമോ; വിശദാംശം നൽകുമോ; | (എ) | നിലവിലെ പലിശ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ബാങ്കിൽ ഓൺലൈൻ ബാങ്കിംഗ് സൗകര്യം, എ.റ്റി.എം., ഡെബിറ്റ് കാർഡ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു. |
| (സി) | സ്വകാര്യ ന്യൂ ജനറേഷൻ ബാങ്കുകൾ ഈടാക്കുന്ന തരത്തിലുള്ള സേവന ചാർജ്ജ്, പിഴ എന്നിവ കേരള ബാങ്കിൽ ഒഴിവാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ യെന്ന് അറിയിക്കുമോ; | (സി) | അന്യായമായ സേവന ചാർജ്ജുകൾ, പിഴകൾ എന്നിവ കേരള ബാങ്ക് ഇടപാടുകാരിൽ നിന്ന് ഈടാക്കുകയില്ല. |
| (ഡി) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ കാർഷിക മേഖലയിൽ നിലവിൽ നടത്തുന്ന സേവനങ്ങൾ കർഷകർക്ക് ഗുണകരമല്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ കേരള ബാങ്ക് രൂപീകരിച്ച് കർഷകരെ പരിരക്ഷിക്കു വാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ കാർഷിക മേഖലയിൽ സ്തുത്യർഹമായ സേവനങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ മെച്ചപ്പെട്ടതും കാര്യക്ഷമവുമായ തലത്തിലേയ്ക്ക് ഉയർത്തുന്നതിന് കേരള ബാങ്ക് രൂപീകരണത്തിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ